# പതിനാലാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 147 — 12/06/2016 -ൽ മറുപടിയ്ക്ക്

## ശീതകാല പച്ചക്കറി കൃഷിയും ഹോർട്ടികോർപ്പിന്റെ പ്രവർത്തനവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഇ.കെ.വിജയൻ**<br>**,, മുല്ലക്കര രത്നാകരൻ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ** | | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| എ) | സംസ്ഥാനത്ത് ശീതകാല പച്ചക്കറി കൃഷി നടത്തുന്ന എത്ര പ്രദേശങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | ഇടുക്കി ജില്ലയിൽ വട്ടവട, കാന്തലൂർ, മൂന്നാർ, മറയൂർ, ദേവികുളം എന്നീ പഞ്ചായത്തുകളിലും വയനാട് ജില്ലയിൽ ബത്തേരി, നെന്മേനി, അമ്പലവയൽ, കല്പറ്റ, നൂൽപ്പുഴ, വെള്ളമുണ്ട, തവിഞ്ഞാൽ, പനമരം, പുൽപ്പള്ളി എന്നീ പഞ്ചായത്തുകളിലും വ്യാപകമായി ശീതകാല പച്ചക്കറി കൃഷി ചെയ്ത് വരുന്നു. |
| ബി) | ശീതകാല പച്ചക്കറി കൃഷി നടത്തുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | ശീതകാല പച്ചക്കറി കൃഷിക്ക് വേണ്ട നടീൽ വസ്തുക്കൾ സൗജന്യമായി നല്കുന്നു. അതോടൊപ്പം ഹെക്ടർ 1 ന് 15000 രൂപ ധനസഹായവും സമയബന്ധിതമായി നൽകുന്നു. |
| സി) | കൃഷിക്കാരിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | സി) | ഉണ്ട്. ഹോർട്ടികോർപ്പിന്റെ പ്രതിനിധി നേരിട്ട് എല്ലാ ജില്ലകളിലും ലേലം നടത്തുന്ന സ്ഥലം സന്ദർശിച്ച് കർഷകർക്ക് പരമാവധി വില നൽകി പച്ചക്കറികൾ സംഭരിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| ഡി) | പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | ഡി) | ഹോർട്ടികോർപ്പിന്റെ വിപണന ശൃംഖല വിപുലമാക്കുക വഴി മാത്രമേ കേരളത്തിലെ കർഷകരിൽ നിന്നുള്ള സംഭരണം കാര്യക്ഷമമാവുകയുള്ളൂ. എല്ലാ അസംബ്ലി നിയോജകമണ്ഡലങ്ങളിലും ഹോർട്ടികോർപ്പിന്റെ വിപണനശാലകൾ വ്യാപിപ്പിക്കുവാൻ ഈ |

സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ വിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി കൺസ്യൂമർഫെഡും സപ്ലൈകോയുമായി സഹകരിച്ച്കൊണ്ട് അവരുടെ വിൽപ്പന-ശാലകളിൽ ഹോർട്ടികോർപ്പിന്റെ സ്റ്റാൾ ആരംഭിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഹോർട്ടികോർപ്പിന്റെ കൂടുതൽ വിപണന യൂണിറ്റുകൾ ആരംഭിക്കുവാനുള്ള സ്ഥലം അനുവദിച്ച് നല്കുന്നതിന് കോർപ്പറേഷനുകളോടും മുനിസിപ്പാലിറ്റികളോടും അഭ്യർത്ഥിച്ചി ട്ടുണ്ട്. വരുന്ന 5 വർഷത്തിനുള്ളിൽ 1000 പുതിയ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

S. [signature]

**സെക്ഷൻ ഓഫീസർ**